50

# ... എങ്കിൽ നിങ്ങൾ കർത്താവിന്റെ വേല യിൽ വിജയിക്കും

## (17:16-34)

ഗ്രീക്ക് - റോമൻ ലോകത്തിന്റെ തത്വജ്ഞാനത്തിന്റേയും സംസ്ക്കാരത്തിന്റെയും കേന്ദ്രമായിരുന്ന അഥേനയിൽ, പൗലൊസ് ഏകനായിരുന്നു. താഴെ പറയുന്ന വസ്തുതകൾ എടുത്തുകൊണ്ട് അവന്റെ അഥേനയിലെ വേല "പൗലൊസിന്റെ ഏറ്റവും വലിയ പരാജയ പ്രവൃത്തികളിൽ ഒന്നായി," ധാരാളം പേർ പറയുന്നുണ്ട്: (1) വളരെ കുറച്ചു പ്രതികരണങ്ങളെ പറ്റിയേ ലൂക്കൊസ് പറയുന്നുള്ളു. (2) അഥേനയിൽ ഇടവകയുണ്ടായതായി പുതിയ നിയമത്തിൽ ഒരിടത്തും പറയുന്നില്ല. (3) മറ്റെല്ലാ സ്ഥലത്തും പൗലൊസിന് കൂട്ടാളികൾ ഉണ്ടായിരുന്നു (പ്രവൃത്തികൾ 20:4); എന്നാൽ അഥേനയിൽ അതുണ്ടായിരുന്നതായി പറയുന്നില്ല. (4) പൗലൊസ് വന്ദനം അറിയിച്ചു ലേഖനങ്ങൾ എഴുതിയതിൽ ഒന്നിലും അഥേനയിലുള്ളവരെപ്പറ്റി പറഞ്ഞില്ല. ഈ വസ്തുതകൾ പരിഗണിച്ച്, പൗലൊസിന്റെ പ്രവൃത്തി പരാജയമെന്നു പറയുന്നതു മനസിലാക്കാം - എന്നാൽ അതങ്ങനെയായിരുന്നോ?

ഉപരിതലം നോക്കിയാണ് ലോകം വിജയത്തെ അളക്കുന്നത് - ഉദാഹരണമായി സമ്പാദ്യങ്ങൾ, നേട്ടങ്ങൾ, വിദ്യാഭ്യാസനില, പ്രത്യക്ഷത, സ്വാധീനം, അധികാരം എന്നിവ. അതേ കുടുക്കിൽ സഭയിലുള്ള നമ്മിൽ ചിലരും പെടുന്നുണ്ട്, ഉദാഹരണമായി വിജയം കെട്ടിടങ്ങളിലും, ജനക്കൂട്ടത്തിലും, പരിപാടികളിലും, പ്രതികരണങ്ങളിലും, ആവേശത്തിലുമാണ്. കർത്താവിന്റെ വേലയിൽ വാസ്തവത്തിൽ "വിജയിപ്പിക്കുന്ന" ഘടകങ്ങൾ എന്താണ്?

ഈ പാഠം ഞാൻ കഴിവതും വ്യക്തിപരമാക്കാൻ ശ്രമിക്കയും[1] താഴെ പറയുന്ന രീതികൾ അവലംബിച്ചാൽ ആത്മിയമായി നിങ്ങൾ വിജയിക്കും.

## തെറ്റിനാലും അജ്ഞതയാലും നിങ്ങളുടെ ഹൃദയത്തെ ചലിപ്പിക്കാൻ കഴിയുമെങ്കിൽ (17:16)

അഥേനയുടെ മഹത്വത്തിൽ അധികവും കഴിഞ്ഞകാല പ്രതാപമായിരുന്നു, എന്നാൽ പൗലൊസിന്റെ കാലയളവിൽ അതു കണക്കിലെടുക്കേണ്ട ശക്തി തന്നെയായിരുന്നു. അനേക ചിന്തകന്മാരും, വാഗ്മികളും, കലാകാരന്മാരും ആയി ജീവിച്ചിരുന്നവർ അവരുടെ വീട് അഥേനയാക്കിയിട്ടുണ്ട്. ജനാധിപത്യ ആശയം അവിടെ നിന്നാണ് ആരംഭിച്ചത്. ലോകത്തെ കീഴ്പ്പെടുത്തുന്നതിനിടയിൽ, റോമർ അഥേനാ സംസ്ക്കാരവും ഗ്രീക്കു ഭാഷയും വ്യാപിപ്പിച്ചു. അഥേനാ അപ്പോഴും ലോകത്തിലെ ഏറ്റവും വലിയ സർവ്വകലാശാലാ പട്ടണമായി കരുതിയിരുന്നു.[2]

സഹോദരന്മാർ പൗലൊസിനെ കപ്പലിലാണ് അഥേനയിലേക്കു കൊണ്ടു വന്നതെങ്കിൽ, അങ്ങനെയാണെന്നു തോന്നുന്നു, അവർ പട്ടണത്തിൽ നിന്നു അഞ്ചു മൈൽ അകലെയുള്ള തുറമുഖത്തുവെച്ച്, “ഗുഡ് – ബൈ” പറഞ്ഞ് പോയിരിക്കാം. പൗലൊസ് അഥേനയിലേക്കു നടന്നു നീങ്ങിയപ്പോൾ, ആദ്യം കണ്ടിരിക്കാനുള്ള കാഴ്ച്ച അക്രൊപൊലിസ് ആയിരിക്കാം,[3] അതിനെ മോടി പിടിപ്പിക്കുന്നതു വെട്ടിത്തിളങ്ങുന്നതും സ്വർണ്ണ പാർത്തെനോൻ,[4] എന്ന അഥേനക്കു നേദിച്ച ക്ഷേത്രവുമായിരുന്നു – അതു മനുഷ്യകൈയാൽ ചെയ്ത ഏറ്റവും മനോഹര കെട്ടിടമായി അനേകം പേർ കണക്കാക്കിയിരുന്നു. പാർത്തെനോന് പുറത്ത് അഥേനാ പ്രതിമയുണ്ടായിരുന്നു,[5] അതു അഥേനരുടെ രക്ഷാദേവിയായിരുന്നു. ഈ പ്രതിമ വളരെ ഉയർന്നതായിരുന്നു, പുരാതന എഴുത്തുകാർ നല്കുന്നതാണ് ഈ വിവരം, തുറമുഖത്തു നിന്നു പോലും നോക്കിയാൽ സൂര്യപ്രകാശം അഥേനയുടെ കുന്തത്തിൽ തട്ടി പ്രതിഫലിക്കുന്നതു കാണാം.

ശീലാസിനോടും തിമൊഥെയൊസിനോടും കഴിവതും വേഗത്തിൽ തന്നോടു ചേരുവാൻ പൗലൊസ് സഹോദരന്മാരോട് ആവശ്യപ്പെട്ടിരുന്നു (വാക്യം 15). കൂട്ടാളികൾ എത്തിച്ചേരുന്നതുവരെ തന്റെ പ്രവർത്തനം അഥേനയിൽ ആരംഭിക്കാൻ പൗലൊസ് ആഗ്രഹിച്ചിരിക്കയില്ല. എങ്ങനെയായാലും, അവന്നു അതിനു കഴിഞ്ഞില്ല, തെറ്റിനെ കണ്ടില്ലെന്നു നടിക്കുന്നതും അജ്ഞതയും അവൻ കണ്ടു. അവൻ നോക്കിയ സ്ഥലത്തെല്ലാം, അവൻ ജാതികളുടെ ഉത്സവങ്ങളും പ്രദക്ഷിണങ്ങളും, യാഗങ്ങളും അന്ധവിശ്വാസങ്ങളുടെ ആഘോഷങ്ങളും കണ്ടിരിക്കാം. വിഗ്രഹങ്ങളുടെ പൊലിമയും ക്ഷേത്രങ്ങളും അവൻ കണ്ടിരിക്കാം (ലോകത്തിലെ ഏറ്റവും വലിയ ക്ഷേത്രമായ, സിയൂസ്[6] ദേവനുള്ള ക്ഷേത്രം). ആക്ഷേപഹാസ്യ എഴുത്തുകാരനായിരുന്ന പ്രിട്ടോണിയസ് എഴുതിയത് മനുഷ്യനേക്കാൾ അഥേനയിൽ ദേവനെ കാണുന്നതാണ് എളുപ്പം എന്നത്രേ. ഒരു മേലെഴുത്തുള്ള വേട്ടിക്കല്ലിൽ പൗലൊസ് നിന്നു “അജ്ഞാത ദേവന്നു” എന്നെഴുതിയ കല്ല് (വാക്യം 23). അങ്ങനെ “പൗലൊസ് [ശീലാസിനും തിമൊഥെയൊസിനും ആയി] കാത്തിരുന്നപ്പോൾ, ആ പട്ടണം വിഗ്രഹങ്ങളെക്കൊണ്ടു നിറഞ്ഞിരിക്കകൊണ്ട് പൗലൊസിന്റെ മനസിനു ചൂടു പിടിച്ചു” (വാക്യം 16).

വിഗ്രഹങ്ങൾ ഉണ്ടായിരുന്നതുകൊണ്ടു മാത്രമല്ല പൗലൊസിന്റെ മന

സിൽ ചൂടു തട്ടിയത്; വിഗ്രഹങ്ങൾക്കു മുൻപിൽ ആരാധകരും ദേവന്മാർക്കു യാഗങ്ങളും നടന്നിരുന്നതുകൊണ്ടാണ്. അതിനെല്ലാം അടിയിൽ പൂക്കൾ വിതറിയിട്ടുണ്ട്, ഓരോ പാത്രത്തിലും കേടുവന്ന പഴങ്ങളും ആരുടെയൊക്കെയോ ഹൃദയങ്ങളെ പ്രതിനിധാനം ചെയ്യുന്നു. ഇന്നു, സന്ദർശകർ അഥേനയിൽ പോയാൽ പുരാതന പട്ടണത്തിലെ കലയും വാസ്തുശില്പിയുടെ കരവിരുതിന്റെയും അവശിഷ്ടങ്ങളാണ്; എന്നാൽ കണ്ടതു മനോഹര ക്ഷേത്രങ്ങളിലെ വിഗ്രഹങ്ങളായിരുന്നു, അവൻ വാസ്തുശില്പവിദ്യയുടെ മനോഹാരിത കണ്ടില്ല; അവൻ കണ്ടത് തെറ്റിന്റെ വൈരൂപ്യമായിരുന്നു. അവൻ സംസ്കാര പുരോഗതി കണ്ടില്ല; അവൻ കണ്ടതു ആത്മിയ അശ്ലീല ചിത്രങ്ങളായിരുന്നു. ഇവരുടെ മനസിന്റെ പ്രകാശം കണ്ടില്ല; ആത്മാവിന്റെ അജ്ഞതയാണ് അവൻ കണ്ടത്.[7] അവൻ പിന്നീട് എഴുതി, ''... ജാതികൾ ബലി കഴിക്കുന്നതു ദൈവത്തിനല്ല, ഭൂതങ്ങൾക്കത്രേ" (1 കൊരിന്ത്യർ 10:20).[8]

ഒരു പഠനകേന്ദ്രത്തിനു എങ്ങനെ ഒരു അന്ധവിശ്വാസത്തിന്റെ കേന്ദ്രമാവാൻ കഴിഞ്ഞു? 1 കൊരിന്ത്യർ 1:21 ന്റെ പ്രകടനമായ പ്രദർശനമായിരുന്നു അഥേന: "... ലോകജ്ഞാനത്താൽ അവർക്കു ദൈവത്തെ അറിയാൻ കഴിഞ്ഞില്ല [കഴിയുകയുമില്ല]." ആ "അറിയിക്കുന്ന" പട്ടണത്തിൽ സംഭവിച്ചതിനെ ദൈവികമായി വ്യാഖ്യാനിക്കുന്നതാണ് റോമർ 1:18-32.

അഥേനയിൽ കണ്ടത് പൗലൊസിനെ കോപിഷ്ടനാക്കി. നമുക്കു ചുറ്റും കാണുന്നതിൽ നമുക്കു കോപം ഉണ്ടായിട്ടുണ്ടോ? അല്ലെങ്കിൽ പാപം നിറഞ്ഞ ലോകത്തിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ആത്മാക്കളെ സംബന്ധിച്ച് നമ്മുടെ ഹൃദയം കഠിനപ്പെട്ടിരിക്കയാണോ? ശരിയായതെന്ത്, തെറ്റായതെന്ത്, എന്നതിനെക്കുറിച്ച് ചിലർ "ആവേശം കൊള്ളാറില്ല"; എന്നാൽ യേശു അങ്ങനെ ആയിരുന്നില്ല (മത്തായി 9:36; യോഹന്നാൻ 2:17), പൗലൊസും അങ്ങനെ ആയിരുന്നില്ല (റോമർ 9:1-3). പൊതുവായി, ആരെങ്കിലും ആവേശം കൊണ്ടില്ലെങ്കിൽ നമ്മുടെ ജീവിതത്തിൽ പ്രത്യേകമായി ഒന്നും സംഭവിക്കുകയില്ല. അജ്ഞതയെക്കുറിച്ചും തെറ്റിനെക്കുറിച്ചും ഉള്ള നിങ്ങളുടെ (ബുദ്ധിമാന ആവേശം) എങ്ങനെയുണ്ട്?

## തെറ്റു തിരുത്തുവാൻ കഴിവുള്ളതു നിങ്ങൾ ചെയ്താൽ (17:17-19, 21)

പൗലൊസിന്റെ സ്ഥാനത്തു നാം ആയിരുന്നെങ്കിൽ നാം എങ്ങനെ പ്രതികരിക്കുമായിരുന്നു? നമുക്ക് അതിർ കവിഞ്ഞ തോന്നലുണ്ടാകുമോ? നാം നിരാശരായി, ഉപേക്ഷിക്കുവാൻ തയ്യാറാകുമോ? "എനിക്ക് ഒന്നും ചെയ്യാൻ സാദ്ധ്യമല്ല. അവരാണെങ്കിൽ ആയിരക്കണക്കിന് ഞാൻ ഒരാൾ മാത്രം എന്നു പറയുമായിരുന്നില്ലേ"? നിഷേധമായി പ്രതികരിക്കുന്നതിനു പകരം, പൗലൊസിന് ആ സാഹചര്യത്തിൽ പ്രതിവിധി എന്തുചെയ്യുവാൻ കഴിയുമായിരുന്നോ അതു പൗലൊസ് ചെയ്തു. *തെറ്റു തിരുത്തുവാൻ നിങ്ങൾക്കു കഴിയുന്നതു* ചെയ്യുന്ന വ്യക്തിയാണ് നിങ്ങൾ എങ്കിൽ ആത്മിയമായി നിങ്ങൾ വിജയിക്കും. നമുക്ക് ചെയ്യാൻ കഴിയുന്നതിനപ്പുറം ദൈവം നമ്മിൽ നിന്നു പ്രതീക്ഷിക്കുന്നില്ല - എന്നാൽ അവർ അതു നമ്മിൽ നിന്നു പ്രതീക്ഷിക്കുന്നു!

പൗലൊസിന് എന്തു ചെയ്യാൻ കഴിയുമായിരുന്നു? പൗലൊസിനു സുവിശേഷം പ്രസംഗിക്കാൻ കഴിയുമായിരുന്നു. ശീലാസിനും തിമൊഥെയൊസിനും എത്തിച്ചേരാൻ കഴിഞ്ഞില്ലെങ്കിലും,[9] പൗലൊസ് പ്രസംഗിക്കാൻ തുടങ്ങി. "അവൻ പള്ളിയിൽ വെച്ചു യെഹൂദന്മാരോടും ദൈവഭക്തന്മാരോടും, ചന്തസ്ഥലത്തു ദിവസേന കണ്ടവരോടും സംഭാഷിച്ചു[10] പോന്നു" (വാക്യം 17) അവന്റെ ആചാരം അതായതുകൊണ്ട്, അവൻ ശബ്ബത്തിൽ പള്ളിയിൽ പോയി (വാക്യം 2). ഞായറാഴ്ച്ച മുതൽ വെള്ളിയാഴ്ച്ച വരെ, അവൻ അഗോറയിലെ – ചന്തസ്ഥലത്ത് "കണ്ടവരോടെല്ലാം" ബൈബിൾ സത്യം അറിയിച്ചുകൊണ്ടിരുന്നു. മറ്റു പട്ടണങ്ങളിൽ, അഗോറാ സംസ്കാരത്തിന്റെയും, വ്യാപാരത്തിന്റെയും, മതത്തിന്റെയും കേന്ദ്രമായിരുന്നു.[11] അഥേനയിൽ, തത്വചിന്തകന്മാർ കൂടിവരുന്ന വിദ്യാഭ്യാസകേന്ദ്രവുമായിരുന്നു. സോക്രട്ടീസ്, പ്ലൂട്ടോ, അരിസ്റ്റോട്ടിൽ തുടങ്ങിയവർ അഥേനയിലെ അഗോറയിൽ പഠിപ്പിച്ചിട്ടുണ്ട്.

21-ാം വാക്യത്തിൽ ലൂക്കൊസ് ഈ പ്രസാധകക്കുറിപ്പ് ചേർക്കുന്നുണ്ട്: "(എന്നാൽ അഥേനർ ഒക്കെയും അവിടെ വന്നു പാർക്കുന്ന പരദേശികളും[12] വല്ല പുതുമയും പറഞ്ഞു കേൾക്കയോ ചെയ്‌വാൻ അല്ലാതെ മറ്റൊന്നിനും അവസരം ഉള്ളവരല്ല)."[13] അവർ സത്യത്തെ അന്വേഷിക്കുന്നവരായി അവകാശപ്പെടുന്നുണ്ട്;[14] വാസ്തവത്തിൽ അവർ പുതുമ അന്വേഷിക്കുന്നവരായിരുന്നു. തത്വചിന്തകന്മാരാണെങ്കിൽ "പുതിയ ആശയങ്ങൾ" നേടുന്നവരായിരുന്നു പക്ഷേ ഒരു തീർപ്പിലും അവർ എത്തിയില്ല. അഥേനർ സ്വാഭാവികമായി എന്തെങ്കിലും പുതുമക്കായി കാംഷിക്കുന്നത് അവരെ അനുമോദിക്കാനായിരുന്നില്ല, എന്നാൽ പൗലൊസിനു സുവിശേഷം പ്രസംഗിക്കുവാനുള്ള തികഞ്ഞ ഒരവസരമായിരുന്നു അത്.

ഡിനോ റൗസോസ്, എന്ന ഒരു ദേശീയ പ്രാസംഗികൻ അഥേനയിൽ പ്രവർത്തിക്കുന്ന ആൾ പറയുന്നു, അഥേനക്കാർ ഏതാണ്ട് ഇന്നത്തെ ആളുകളെ പോലെയാണ്; സാധാരണ അഥേനയിലെ വന്ദനം പറച്ചിൽ "വാട്ട് ഈസ് ദി ന്യൂസ്?" എന്നാണ്. എങ്ങനെയായാലും, അവർ ശ്രദ്ധിക്കുന്നത്, പൗലൊസിന്റെ കാലത്തു തത്വചിന്തയായിരുന്നു, എന്നാൽ ഇതു രാഷ്ട്രീയമാണ്; അഥേനക്കാരനെ സംബന്ധിച്ചു അവൻ ചെയ്യുവാൻ ഇഷ്ടപ്പെടുന്നതു ചെയ്യും. "ഗവൺമെന്റിനെ ഇരുപത്തി – നാലു മണിക്കൂർ നിയന്ത്രിക്കാൻ കിട്ടിയാൽ പോലും മടിക്കയില്ല."

അഗോറയിൽ പൗലൊസിനോടു വാദിച്ചവരിൽ അഥേനയിലെ ചിന്തകൾ പഠിപ്പിക്കുന്ന മുഖ്യപാഠശാലയിലെ ശിഷ്യന്മാരായിരുന്നു. വാക്യം 18 പറയുന്നതു "എപ്പിക്കൂര്യരും സ്തോയിക്കരും ആയ തത്വജ്ഞാനികളിൽ ചിലർ അവനോടു [പൗലൊസിനോട്] വാദിച്ചു എന്നാണ്." എപ്പിക്കൂര്യർ, എപ്പിക്കൂർസ് എന്ന തത്വചിന്തകന്റെ അനുയായികളായിരുന്നു (ബി.സി 340-270). മനുഷ്യന്റെ നിലനില്പിന്റെ ഉദ്ദേശങ്ങൾ ഇന്നു നിർവ്വചിക്കുന്നത് "സുഖത്തെ പിൻപറ്റൽ" എന്നാണ്. "സുഖം" എന്നതിനാൽ, എപ്പിക്കൂര്യരായ ഉപദേഷ്ടാക്കൾ അർത്ഥമാക്കുന്നത് വേദനയും കഷ്ടതയും ഇല്ലാതിരിക്കുക എന്നാണ്. മതത്തെ സംബന്ധിച്ചു, എപ്പിക്കൂര്യർ ഭൗതിക ഈശ്വരവിശ്വാസികളായിരുന്നു. ദേവന്മാർ ഉണ്ടെന്ന് അവർ സമ്മതിക്കുന്നു, എന്നാൽ അവർ ലോകത്തിൽ സ്വാധീനം ചെലുത്താൻ കഴി

യാതവണ്ണം വിദൂരമായിരിക്കുന്നു. ഇന്ദ്രിയങ്ങളോടുള്ള ബന്ധത്തിൽ എപ്പി ക്കുര്യ ഉപദേഷ്ടാക്കൾ സുഖത്തെ നിർവ്വചിക്കുന്നില്ലെങ്കിലും, തത്വം സുഖ ലോലുപതയെ വാസ്തവത്തിൽ തടയുന്നില്ല. ക്രമേണ, ചിലർക്ക് പരിചി തമായ തത്വമായ "തിന്നുക, കുടിക്ക, ആനന്ദിക്ക, നാളെ നാം ചാകു മല്ലോ" എന്നതു വഷളാകുകയും ചെയ്യുന്നുണ്ട് (1 കൊരിന്ത്യർ 15:32). ഇന്ന് "എപ്പിക്യൂർ" എന്ന വാക്ക് അമിത ഭക്ഷണവും പാനീയവും കഴി ക്കുന്നവരെ സൂചിപ്പിക്കുന്നതിന് ഉപയോഗിക്കുന്നു.

സേനോ എന്ന തത്വചിന്തകന്റെ ശിക്ഷ്യന്മാരായിരുന്നു സ്തോയി ക്കാർ (ബി.സി c. 340–265). *സ്റ്റോവാ*[15]: "പോർച്ച്" എന്ന ഗ്രീക്ക് വാക്കിൽ നിന്നാണ് അവരുടെ ഈ പേർ വന്നത്. സേനോ അഥേനയിലെ അഗോ റയിലുണ്ടായിരുന്ന "പെയിന്റഡ് സ്റ്റോവ" യിലാണ് പഠിപ്പിച്ചിരുന്നത്, ആ സ്ഥലമായിരുന്നു അപ്പോഴും അവരുടെ കൂടി വരുന്ന മുഖ്യസ്ഥലം.[16] ഏറ്റവും നന്നായി കടമ നിർവ്വഹിക്കുന്നതിലായിരുന്നു സ്തോയിക്കാർ വിശ്വസിച്ചിരുന്നത്; ജഡത്തെ ത്യജിക്കുവാനും സ്വയം അച്ചടക്കം വരു ത്തുവാനും അവർ ഊന്നൽ കൊടുത്തിരുന്നു. മതത്തെ സംബന്ധിച്ച്, സ്തോയിക്കാർ ഭൗതികമായ എല്ലാറ്റിലും ദൈവമുണ്ടെന്ന് അവർ വിശ്വ സിച്ചിരുന്നു: ദൈവം അവർക്ക് പ്രപഞ്ചത്തിൽ വ്യാപിച്ചു കിടക്കുന്ന വ്യക്തിത്വമില്ലാത്ത ശക്തിയാണ്. അവരുടെ ജീവിതത്തിൽ സംഭവിക്കു ന്നതെല്ലാം വിധിയാണെന്ന് അവർ വിശ്വസിക്കയും അതുകൊണ്ട് സംഭ വിക്കുന്നതെല്ലാം സ്വീകരിക്കയും ചെയ്യുന്നു. ഇന്ന് നാം "സ്തോയിക്ക്" എന്ന വാക്ക് ഉപയോഗിക്കുന്നത് ഭൗതികമായോ അല്ലെങ്കിൽ വൈകാരി കമായോ വ്യത്യസ്തമായി കാണുന്നതിനെ പറയുവാനാണ്. എപ്പിക്യൂ ര്യരെ അവസാനം നശിപ്പിക്കുന്നതു അവരുടെ അടിമത്വമാണെങ്കിൽ, സ്തോയിക്കാരെ വഷളാക്കുന്നത് മനുഷ്യന്റെ സ്വയം - പര്യാപ്തയി ലേക്കു ഉയർത്തുന്ന അഹംഭാവമാണ്.

എപ്പികൂര്യരും സ്തോയിക്കരും ഗ്രീക്ക് തത്വജ്ഞാനത്തിൽ, എതിർക്കാഴ്ചയിലാണെങ്കിലും അവരുടെ തത്വചിന്തകളിൽ അധികവും പൊതുവായിട്ടുള്ളതാണ്: മനുഷ്യനെയും മനുഷ്യന്റെ കഴിവുകളെയും രണ്ടും ഉയർത്തുകയാണ് രണ്ടും വ്യക്തികളായി ദൈവത്തിന്റെ ആവശ്യം കാണുന്നില്ല. മരണശേഷം ഒരു ജീവൻ ഉണ്ടെന്ന് രണ്ടും വിശ്വസിക്കു ന്നില്ല. സത്യത്തെ സംബന്ധിച്ച പ്രസ്താവനകൾ രണ്ടിനും അസ്വസ്ഥത ഉണ്ടാക്കുന്നു. അങ്ങനെ രണ്ടു തത്വജ്ഞാനികളുടെ ശിഷ്യന്മാർക്കും പൗലൊസിന്റെ ഉപദേശം ഭീഷണിയായി തോന്നി.

ലൂക്കൊസ് പറയുന്നത് അനുസരിച്ച്, ഈ തത്വജ്ഞാനികളുടെ പ്രതി കരണം വ്യത്യസ്തമായിരുന്നു. "'ഈ വിടുവായൻ എന്തു പറവാൻ പോകുന്നു?' എന്നു, ചിലർ പറഞ്ഞു" (വാക്യം 18). "വിടുവായൻ" എന്നതു ഗ്രീക്കിൽ സംയുക്തവാക്ക് ആയ *സ്പെർമോലോഗസ്* തർജ്ജിമ ചെയ്തതാണ്, അതു "സീഡ്" എന്ന (*സ്പേമ്മ്*), "ടു പിക്ക്" എന്നർത്ഥ മുള്ള (ലീഗോ) യും ആണ്.[17] അക്ഷരിക അർത്ഥം "സീഡ് - പിക്കർ," സൂചിപ്പിക്കുന്നതു ഉപയോഗമില്ലാത്ത പക്ഷികൾ അവിടെയും ഇവിടെയും കിടക്കുന്ന വിത്തുകൾ പെറുക്കി തിന്നുന്നതിനെയാണ്. "സീഡ് - പി ക്കർ" എന്നത് അഥേനക്കാരുടെ മതവ്യാപാരി പല ഉറവിടങ്ങളിൽ നിന്നു

ആശയങ്ങൾ പെറുക്കിയെടുത്ത് ഉപയോഗിക്കുന്ന ഉപയോഗമില്ലാത്ത സങ്കര തത്വത്തെയാണ് പറയുന്നത്.[18]

"മറ്റു ചിലർ [പറയാതിരുന്നതു], 'അവൻ യേശുവിനെയും പുനരുത്ഥാനത്തെയും' പ്രസംഗിക്കകൊണ്ടു, - ഇവൻ അന്യദേവതകളെ ഘോഷിക്കുന്നവൻ" എന്നാണ് (വാക്യം 18). പൗലൊസിന്റെ വിഷയങ്ങളെ നോക്കുക. പൗലൊസിന്റെ അഥേനയിലെ പരിശ്രമങ്ങൾ പരാജയമായിരുന്നുവെന്നു പറയുന്നവർ കരുതുന്നതു പൗലൊസ് തത്വജ്ഞാനം അവിടെ ഫലപ്രദമാകാതിരുന്നതുകൊണ്ട് പൗലൊസ് കൊരിന്തിൽ പോയപ്പോൾ തന്റെ സമീപനം മാറ്റി "ക്രൂശിക്കപ്പെട്ട, യേശുക്രിസ്തുവിനെ" പ്രസംഗിക്കാൻ തുടങ്ങി എന്നാണ് (1 കൊരിന്ത്യർ 2:1, 2). എങ്ങനെയായാലും, ലൂക്കൊസ് പറയുന്നതനുസരിച്ച്, പൗലൊസിന്റെ അടിസ്ഥാന സന്ദേശം അഥേനയിലും കൊരിന്തിലും ഒന്നു തന്നെ ആയിരുന്നു എന്നാണ്: "പ്രസംഗിക്കൽ" എന്നതു ഗ്രീക്കിൽ നിന്നു തർജ്ജിമ ചെയ്തിരിക്കുന്നതിന്റെ അക്ഷരിക അർത്ഥം "സുവിശേഷം പ്രസംഗിക്കൽ" എന്നാണ്. സുവിശേഷത്തിന്റെ "കേന്ദ്രബിന്ദു" "യേശുവും പുനരുത്ഥാനവും" അത്രേ.

പൗലൊസിന്റെ വിഷയങ്ങൾ അഥേനയിലുള്ളവർ ഗ്രഹിച്ചെങ്കിലും, അവൻ അർത്ഥമാക്കിയതു മനസിലാക്കാൻ അവർ ബുദ്ധിമുട്ടി. അവരുടെ മനസിലെ വിചാരം കൊണ്ട്, അവർ പറഞ്ഞതു പൗലൊസ് "അന്യദേവതകളെ ഘോഷിക്കുന്നവൻ" എന്നാണ്. അവർ ഉപയോഗിച്ച "ദേവതകൾ" എന്ന ബഹുവചനം ശ്രദ്ധിക്കുക. പൗലൊസ് "യേശു വിനെയും പുനരുത്ഥാനത്തെയും" കുറിച്ച് പ്രസംഗിച്ചപ്പോൾ അവൻ രണ്ടു ദേവതകളെ കുറിച്ചു പറയുന്നു എന്നാണ് അവർ വിചാരിച്ചത് ഒന്ന് "യേശുവും" മറ്റൊന്ന് "പുനരുത്ഥാനവും" അവരുടെ ദേവതമാരിൽ അധികവും സത്യം, സുന്ദരം എന്നീ വിശേഷതകളെ വേർപെടുത്തുന്ന ചൈതന്യാരോപണം ആകയാൽ അവർ സ്പഷ്ടമായും *ദനാസ് തസിസ്* ("പുനരുത്ഥാനം") ഒരു ദേവതയുടെ പേരാണെന്ന്സംശയിച്ചു.[19]

"അന്യദേവതകൾ" എന്ന പദം തർജ്ജിമ ചെയ്തിരിക്കുന്നതിന്റെ അക്ഷരിക അർത്ഥം "വിദേശ ഭൂതങ്ങൾ" എന്നാണ്. ഗ്രീക്കുകാരുടെ ഉള്ളിൽ, ഭൂതം എന്നതു മരിച്ച വ്യക്തിയുടെ (പലപ്പോഴും മോശമായ വ്യക്തി) ആത്മാവു അപ്പോഴും ആർക്കു ചുറ്റും കറങ്ങി നടക്കുന്നു എന്നാണ്.[20] ആയിരക്കണക്കിനു ആത്മാക്കളെ അവർ ആരാധിച്ചുകൊണ്ടിരിക്കയാണ്, ഇപ്പോൾ ഈ വിദേശ വിത്തു - പെറുക്കുന്നവൻ ധിക്കാരത്തോടെ പുതിയവയെ കൊണ്ടു വന്നിരിക്കയാണ്!

അവർ പൗലൊസിനെ തെറ്റിദ്ധരിച്ചിരിക്കാമെങ്കിലും, അവൻ അവരിൽ ആകാംഷയുണർത്തി, അതുകൊണ്ട് "അവർ അവനെ പിടിച്ചു അരയോപകക്കുന്നിന്മേൽ കൊണ്ടു ചെന്നു" (വാക്യം 19). മൂലഗ്രന്ഥത്തിൽ രണ്ടു വാക്കുകളിൽ നിന്നാണ് "അരയോപക"[21] എന്ന വാക്ക് വരുന്നത്: *അരെയോൻ പാഗൻ*. ''ആരെസ്'' ഗ്രീക്ക് യുദ്ധദേവന്റെ പേരായിരുന്നു (ഏതാണ്ട് റോമൻ മാഴ്സ് ദേവനെപ്പോലെ), *പാഗോസ്* എന്നത് "കുന്ന്" ആണ്. അങ്ങനെ "അരയോപക'' എന്നതിന്റെ അക്ഷരിക അർത്ഥം "ആരെസിന്റെ കുന്നുകൾ [അല്ലെങ്കിൽ പർവ്വതം]" (അല്ലെങ്കിൽ കൂടു

തൽ സുപരിചിതമായ ലാറ്റിൻ വാക്കായ, “മാഴ്സ്ഹിൽ”) ആണ്. അഗോറയുടെ തെക്കുവശത്തായിരുന്നു, ഇപ്പോഴും ആ കുന്ന് സ്ഥിതി ചെയ്തിരുന്നത്, അക്രൊപ്പൊലീന്റെ മുകളിലായിരുന്നു. ഗ്രീക്ക് പുരാണമനുസരിച്ച്, ആരെസ് (എല്ലായ്പ്പോഴും ആക്രമിക്കാൻ നോക്കിയിരിക്കും) പൊസെയിദോന്റെ മകനെ കൊല്ലുവാൻ ശ്രമിക്കയും[22] മോചിപ്പിക്കയും ചെയ്തു.[23] ആ കുന്ന് അഥേനയുടെ പുരാതനവും അഭിമാനകരവുമായി കോടതിയായിത്തീർന്നു, ആ സ്ഥാനത്തിൽ നിന്ന് പേരും എടുത്തു: അരയോപക. മുൻപു ശക്തമായിരുന്നതുപോലെ, പുതിയ നിയമകാലത്ത്, ഈ കോടതി അത്ര ശക്തമല്ലായിരുന്നു, എന്നാൽ സ്വാധീനമുണ്ടായിരുന്നു.[24] പ്രത്യേക സാഹചര്യത്തിൽ, കോടതി അപ്പോഴും കുന്നിൽ കൂടിവന്നിരുന്നു, എന്നാൽ സാധാരണ മീറ്റിംഗുകൾ അഗോറയുടെ വടക്കു പടിഞ്ഞാറുള്ള രാജകീയ തൂൺനിരയിലായിരുന്നു.

“അരയോപക” എന്ന പേർ കുന്നിനും കോടതിക്കും ഉപയോഗിക്കുന്നതുകൊണ്ട്, പൗലൊസിനെ അവിടേക്കു കൊണ്ടു പോയത് എന്തിനെന്ന ചോദ്യം ഉയരാം: അവനെ കുന്നിന്റെ മുകളിലേക്കാണോ അതോ കോടതി സാധാരണ കൂടി വരാറുള്ള അഗോറയിലേക്കാണോ കൊണ്ടുപോയത്?[25] അവനെ എവിടെ കൊണ്ടുപോയാലും ഔപചാരിക വിചാരണയുടെ അനൗപചാരിക വിചാരണയായിരുന്നുവോ? കോടതിയിലെ ഒരു ഉദ്യോഗസ്ഥൻ (അരയോപകക്കാരൻ) പരിവർത്തനം ചെയ്തതു (വാക്യം 34) സൂചിപ്പിക്കുന്നതു കുറഞ്ഞതു ചില കോടതി ഉദ്യോഗസ്ഥർ അവിടെ ഉണ്ടായിരുന്നുവെന്നും അന്യദേവതമാരെ പരിചയപ്പെടുത്തിയതിനു പൗലൊസ് വിചാരണ ചെയ്തിരിക്കാനും സാദ്ധ്യതയുണ്ട്.[26] ആ രംഗത്തിന്റെ തീർപ്പായി (വാക്യങ്ങൾ 32, 33), എങ്ങനെയായാലും, അനൗപചാരിക വിചാരണയുടെ തോന്നൽ ജനിപ്പിക്കുന്നു.

പൗലൊസിനെ പിടിച്ചുകൊണ്ടു പോകാവാനുള്ള യഥാർത്ഥ കാരണം എന്തായാലും, പാരമ്പര്യമായി അവനെ അരയോപക കുന്നിനു മുകളിലേക്ക് കൊണ്ടുപോയി,[27] എന്നതാണ് നമ്മുടെ ഈ പാഠത്തിലെയും അടുത്ത പാഠത്തിലെയും അനുകൂല്യപോയിന്റ്. കുന്നിൻ ചെരിവിൽ വലിയ ഒരു വെൺകൽ പ്രതിമയുടെ രൂപം നിറുത്തിയിരിക്കയായിരുന്നു എന്ന് പൗലൊസിന്റെ പ്രസംഗത്തിലെ ഗ്രീക്ക് പാഠം മുഴുവൻ വ്യക്തമാക്കുന്നു.[28] ഞാൻ “അരയോപകകുന്നിൽ” നില്ക്കുമ്പോൾ, വടക്ക് 377 അടി താഴെ പുരാതനമായ അഗോറ കണ്ടു; ഞാൻ പടിഞ്ഞാറോട്ട് നോക്കിയപ്പോൾ 135 അടി ഉയരമുള്ള അക്രൊപൊലിസ് ഗോപുരം കണക്കെ കണ്ടു.

ആ പ്രത്യേക അവസരത്തിൽ തനിക്കു അഗോറയിൽ യുദ്ധ പ്രിയരായ ദേവന്മാർക്കു സമർപ്പിച്ച കുന്നിൽ സമാധാന പ്രഭുവിനെക്കുറിച്ചു – പൗലൊസ് പറയാൻ ഒരുങ്ങുകയാണ്: നമുക്കു ചെറുതായി ചെയ്യാൻ കഴിയുമെന്നു ബോധ്യമുണ്ടെങ്കിൽ, ഒരു ചൊല്ല് നാം ഓർക്കണം “ഞാൻ ഒരാൾ മാത്രമാണ്, എന്നാൽ ഞാൻ ഒന്നാണ്. എനിക്ക് എല്ലാം ചെയ്യാൻ കഴിയുകയില്ല, പക്ഷേ എനിക്ക് ചിലതു ചെയ്യാൻ കഴിയും. ദൈവസഹായത്താൽ, എനിക്കു ചെയ്യാൻ കഴിയുന്നതു, ഞാൻ ചെയ്യും!” “വക്രതയും കോട്ടവുമുള്ള തലമുറയിൽ ലോകത്തിൽ വെളിച്ചമായി” “പ്രകാ

ശിക്കുവാൻ" പൗലൊസ് നമുക്കു വെല്ലുവിളി തരികയാണ് (ഫിലിപ്പിയർ 2:15).

### ഫലം നോക്കാതെ നിങ്ങൾ ഉപദേശിക്കുമെങ്കിൽ (17:19, 20, 22, 32-34)

അഥേനക്കാർ അവരുടെ ലക്ഷ്യസ്ഥാനത്ത് എത്തിയപ്പോൾ (അത് ഏതായാലും), അവർ പൗലൊസിനോടു ചോദിച്ചു, "നീ പ്രസ്താവിക്കുന്ന ഈ നവീനോപദേശം ഇന്നതു എന്നു ഞങ്ങൾക്ക് അറിയാമോ? നീ ചില അപൂർവ്വങ്ങളെ ഞങ്ങളുടെ ചെവിയിൽ കടത്തുന്നുവല്ലൊ; അത് എന്തു എന്നറിവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു എന്നു പറഞ്ഞു" (വാക്യങ്ങൾ 19, 20).

ആ ക്ഷണത്തെ പൗലൊസ് എങ്ങനെ പ്രതികരിച്ചിരിക്കാമെന്ന് നിങ്ങൾ വിചാരിക്കുന്നത്? മാനുഷിക കാഴ്ച്ചപ്പാടിൽ അഥേനയിൽ അതുവരെ അവന്റെ പ്രസംഗം "വിജയിച്ചതായി" കാണുന്നില്ല. അവൻ പള്ളിയിൽ ഉപദേശിച്ചതിന്റെ ഫലമായി ആരെങ്കിലും പരിവർത്തനം ചെയ്തോ എന്ന്, ലൂക്കൊസ് പറഞ്ഞിട്ടില്ല. പൗലൊസിനെ അവർ "വിടുവായൻ" എന്നാണ് വിളിച്ചത്, "അന്യദേവതമാരെ ഘോഷിക്കുന്നവൻ" എന്നും പറഞ്ഞു അരയോപക മദ്ധ്യേ നില്ക്കുമ്പോൾ അവനു ചുറ്റും നില്ക്കുന്നവർ സത്യം അറിയുവാൻ തല്പരരാണെന്നു തോന്നുന്നുമില്ല; എന്നാൽ അവരുടെ ആകാംക്ഷ തൃപ്തിപ്പെടുത്തുന്നതുമായിരുന്നു. എങ്കിലും, അപ്പൊസ്തലൻ മടിച്ചില്ല. "പൗലൊസ് അരയോപക[29] മദ്ധ്യേനിന്നുകൊണ്ടു പറഞ്ഞതു ..." (വാക്യം 22).

പൗലൊസിന്റെ വലിയ പ്രസംഗത്തെക്കുറിച്ചു വിശദമായി നമുക്ക് അടുത്ത പാഠത്തിൽ പഠിക്കാം. വീണ്ടും നാം കാണാൻ പോകുന്നത്, അവരുടെ പ്രതികരണം വളരെ പരിമിതമായിരുന്നു (വാക്യങ്ങൾ 32–34). എങ്ങനെയായാലും, ഒരുനിമിഷം ഒന്നു പ്രായോഗികമായി ചിന്തിക്കാം. ദൈവം നമ്മോടു പ്രസംഗിക്കുവാനും ഉപദേശിക്കുവാനും കല്പിച്ചിരിക്കുന്നു എന്നതു ഊന്നി പറഞ്ഞിരിക്കയാണ് നമ്മുടെ ഈ പഠന പരമ്പരയിൽ (മത്തായി 28:18–20). നമ്മുടെ ജോലി പ്രസംഗിക്കയും ഉപദേശിക്കയും ചെയ്യുക എന്നതാണ്; പ്രതികരണം ദൈവത്തിന്റെ ജോലിയാണ് (1 കൊരിന്ത്യർ 3:6, 7). നിങ്ങളുടെ മനസിൽ അടിവരയിടുക: ഫലം നോക്കാതെ, നിങ്ങൾ തുടർച്ചയായി, വിശ്വാസമായി ദൈവവചനം പ്രസംഗിക്കയും ഉപദേശിക്കയും ചെയ്യുകയാണെങ്കിൽ, ദൈവദൃഷ്ടിയിൽ നിങ്ങൾ വിജയമാണ്!

### നിങ്ങൾ എല്ലായ്പോഴും നന്നായി ചെയ്താൽ (17:22-31)

അഥേനയിലെ ക്ഷേത്രങ്ങളെയും വിഗ്രഹങ്ങളെയും ആളുകൾ ഇന്നു കാണുന്നത് മനുഷ്യരുടെ കരവിരുതിന്റെ നേട്ടങ്ങളായിട്ടാണ്. അവരുടെ കലയെക്കുറിച്ചും വാസ്തുശില്പവിദ്യയെക്കുറിച്ചും മറ്റെന്തു പറഞ്ഞാലും, ഗ്രീക്കുകാർ, അവരുടെ വിഗ്രഹാർപ്പിത ദേവന്മാരെ നന്നായി ആദരിക്കുക തന്നെ ചെയ്തു. പൗലൊസിന് ജീവനുള്ള സത്യദൈവത്തെ

ആദരിക്കുന്നതിൽ കുറവു വരുത്താനും കഴിഞ്ഞില്ല. അവന്റെ സദസ്യർ പ്രത്യേകിച്ച് പ്രതികരിച്ചില്ലായിരിക്കാം. എന്നാൽ മർത്യരായ മനുഷ്യർ പ്രസംഗിച്ച പ്രസംഗങ്ങളിൽ വെച്ച് ഏറ്റവും വലിയ പ്രസംഗമായിരുന്നു പൗലൊസ് അരയോപകക്കുന്നിൽ പ്രസംഗിച്ചത്.

ഒരു നിമിഷം, നമ്മുടെ തന്നെ കർത്തൃസേവനത്തെ നമുക്ക് ഒന്നു നോക്കാം. നാം നമ്മുടെ നല്ലതു എപ്പോഴും ദൈവത്തിനു നല്കാറുണ്ടോ, അല്ലെങ്കിൽ ചിലപ്പോൾ നാം അവശേഷിക്കുന്നത് ദൈവത്തിനു കൊടുക്കാൻ[30] സാദ്ധ്യതയുണ്ട്. നമ്മുടെ സമയം, പണം, ഊർജ്ജം, താലന്തുകൾ എന്നിവയാണോ? ഫലം എന്തായിരുന്നാലും, യജമാനന്ന് നിങ്ങൾ ഏറ്റവും നന്നായി പ്രവർത്തിച്ചാൽ, നിങ്ങൾ അവനു വിജയമായിരിക്കും.

**ഉപസംഹാരം**

നമ്മുടെ പാഠത്തിന്റെ ആരംഭത്തിൽ, നല്കിയ പ്രദേശത്തു കർത്താവിന്റെ വേലയിൽ വിജയം കൈവരിക്കുവാൻ, നാം പലപ്പോഴും ഇതുപോലെയുള്ള ചോദ്യങ്ങൾ ചോദിക്കാറുണ്ട് എന്നു നാം ശ്രദ്ധിച്ചു: "ഏതു തരം കെട്ടിടമാണ് നിങ്ങൾക്കുള്ളത്?"; "എത്ര പേർ കൂടി വരുന്നുണ്ട്?"; "എത്ര പേർ സ്നാനപ്പെട്ടിട്ടുണ്ട്?" എല്ലാറ്റിലും മുഖ്യമായ ചോദ്യം: "സുവിശേഷം വിശ്വസ്തമായി പ്രസംഗിച്ചിട്ടുണ്ടോ?" എന്നു ചോദിക്കുന്നത് അപൂർവ്വമാണ്.

എന്റെ പാഠത്തിന്റെ വ്യക്തിപരമായ പ്രായോഗികത നിങ്ങൾക്കു കിട്ടിയില്ലെങ്കിൽ, ഞാൻ ആവർത്തിക്കട്ടെ: *ദൈവം നിങ്ങൾക്കു ചെയ്യുവാൻ തന്ന പ്രവൃത്തി വിശ്വസ്തതയോടെ ചെയ്താൽ* നിങ്ങൾ വിജയിയായി. ബൈബിളിൽ പറയുന്ന യിരെമ്യാവിന്റെയും യെഹെസ്കേലിന്റെയും പ്രാരംഭ പ്രവർത്തനങ്ങൾ വായിക്കുക: മാനുഷിക കാഴ്ച്ചപ്പാടിൽ രണ്ടു പേരും "പരാജയമായിരുന്നു," എന്നാൽ രണ്ടുപേരും ദൈവം - കൊടുത്ത ജോലി പൂർത്തിയാക്കി! ദൈവദൃഷ്ടിയിൽ അവർ പരാജയമായിരുന്നു - "പോയി അങ്ങനെ ചെയ്താൽ," നിങ്ങളും, വിജയിക്കുക തന്നെ ചെയ്യും.

---

കുറിപ്പുകൾ

[1]കഴിഞ്ഞ പാരഗ്രാഫിൽ, ഞാൻ "സഭ" യെക്കുറിച്ചു പറഞ്ഞു. സഭ മൊത്തത്തിൽ, പറയുവാൻ ഈ പാഠത്തിലെ തലവാചകങ്ങൾ ഏകവചനം ബഹുവചന മായും രണ്ടാം വ്യക്തി ഒന്നാം വ്യക്തിയായും മാറ്റാം: "*നമ്മുടെ ഹൃദയത്തെ* ചലിപ്പിക്കാൻ കഴിയുമെങ്കിൽ ..."; "നമുക്കു കഴിയുന്നതു നാം ചെയ്താൽ ..."; മുതലായവ. [2]ലോകത്തിലെ മൂന്നു പ്രമുഖ സർവ്വകലാശാലാ പട്ടണങ്ങൾ അന്നു നിലവിലുണ്ടായിരുന്നു; ഒന്ന് അഥേന. മറ്റു രണ്ടെണ്ണം മിസ്രയിമിലെ അലെക്സന്തര്യയും പൗലൊസിന്റെ ജന്മദേശമായ തർസൊസും ആയിരുന്നു, പൗലൊസിനു ഈ ടൗണുകൾ പരിചയമുണ്ടായിരുന്നു. [3]"അക്രൊപ്പൊലീസ്" എന്നതു രണ്ടു വാക്കുകൾ ചേർന്ന ഗ്രീക്കു വാക്കാണ് "സിറ്റി" എന്നതും (*പൊലിസ്*) "ഹൈ" (*അക്രൊ*) എന്നതും ആണ്. അക്ഷരികമായ, അർത്ഥം "ഉയർന്ന പട്ടണം" എന്നാണ്. പുരാതനകാലത്ത്, മിക്ക പട്ടണങ്ങളിലും ഒരു അക്രൊ

പ്പൊലിസ് കാണും, അതു വായനശാല, ക്ഷേത്രങ്ങൾ തുടങ്ങിയവക്കായിരുന്നു, കൂടാതെ അക്രമണം വരുമ്പോൾ ഓടി അഭയം തേടാനും ഉപയോഗിച്ചിരുന്നു. ശ്രദ്ധിക്കുക: നിങ്ങൾ അമേരിക്കയിൽ ആണെങ്കിൽ, പഴയ പാശ്ചാത്യർ കോട്ടയുടെ ഉദ്ദേശം നിറവേറ്റുവാനും ഉപയോഗിച്ചിരുന്നു. [4]"പാർത്തെനോൻ" എന്നതു "വെർജിൻ" എന്നതിന്റെ ഗ്രീക്ക് വാക്കാണ്. അഥേനർക്കു സമർപ്പിക്കപ്പെട്ട കന്യകമാരുടെ ക്ഷേത്രമായിരുന്നു ഇത്. [5]ഏറ്റവും പ്രസിദ്ധമായ അഥേനാ പ്രതിമ സ്ഥിതി ചെയ്തിരുന്നത് പാർത്തെനോന്റെ അറ്റത്തായിരുന്നു, എന്നാൽ ഒന്നു പുറത്തും ഉണ്ടായിരുന്നു. [6]ഗ്രീക്കുകാരുടെ മുഖ്യദേവനായിട്ടാണ് സൂയസിനെ കരുതിയിരുന്നത്. [7]യൂറോപ്പിലും മറ്റു പ്രദേശങ്ങളിലും ഞാനും എന്റെ ഭാര്യയും സഞ്ചരിച്ചപ്പോൾ, കണ്ട വലിയ പള്ളികളും മതപരമായ ഘടനകളും കണ്ടിട്ട് എനിക്ക് അഭിനന്ദിക്കാൻ കഴിഞ്ഞില്ല. ഒരുപക്ഷേ അവിടെയെല്ലാം കലാനിക്ഷേപങ്ങൾ ഉണ്ടായിരുന്നതുകൊണ്ടാകാം, പക്ഷേ എനിക്ക് അത് മനുഷ്യൻ ദൈവിക മാതൃക വിട്ടു പോയതിന്റെ ഓർമ്മയായിട്ടേ കാണാൻ കഴിഞ്ഞുള്ളു (1 തിമൊഥെയൊസ് 4:1-4). [8]"വിഗ്രഹാരാധന അന്നും ഇന്നും" എന്ന അനുബന്ധന ലേഖനം നോക്കുക. [9]ശീലാസും തിമൊഥെയൊസും അഥേനയിൽ എത്തിയോ എന്നു നമുക്കു തീർച്ചയില്ല. പിന്നീട് അവരെപ്പറ്റി പറഞ്ഞിരിക്കുന്നതു പ്രവൃത്തികൾ 18:5 ലാണ്. എങ്ങനെയായാലും, 1 തെസ്സലൊനിക്യർ 3:1, 2 സൂചിപ്പിക്കുന്നതു തിമൊഥെയൊസ് അഥേനയിൽ പൗലൊസിനോടു വീണ്ടും ചേർന്നു എന്നാണ്, എന്നാൽ പൗലൊസ് അവനെ ഉടനെ തെസ്സലൊനിക്യയിലേക്ക് അയച്ചു. ചിലർ വിചാരിക്കുന്നതു, ശീലാസും അഥേനയിൽ പൗലൊസിനോടു വീണ്ടുംചേർന്നു, എന്നാൽ അവനെ മറ്റെവിടേക്കോ അയച്ചു, ഒരുപക്ഷേ ഫിലിപ്പിയയിലേക്കായിരിക്കാം എന്നാണ്. ക്രമേണ ശീലാസും തിമൊഥെയൊസും കൊരിന്തിൽ പൗലൊസിനോടു ചേർന്നു. [10]"റീസണിങ്ങ്" എന്ന ഗ്രീക്ക് വാക്ക് "തർക്കിക്കുക" എന്നും അർത്ഥമാക്കുന്നുണ്ട് (KJV നോക്കുക). യേശു തന്നെ ക്രിസ്തു എന്ന് പൗലൊസ് പള്ളിയിൽ വാദിച്ചു; അഥേനരുടെ വിഗ്രഹാരാധനക്കെതിരായി സംസാരിക്കാൻ യെഹൂദന്മാർക്ക് കഴിയാതിരുന്നതിനെയും അവൻ കർക്കശമായി ശാസിച്ചുകാണും.

[11]"ദൈവസഹായത്താൽ - ജീവിതങ്ങൾ മാറ്റൽ" എന്ന പാഠത്തിലെ 16:19 ലെ നോട്ടുകൾ നോക്കുക. [12]ലോകത്തിൽ എല്ലായിടത്തു നിന്നും സന്ദർശകർ പഠിക്കുവാനായി അഥേനയിൽ വന്നിരുന്നു. [13]ഇത്, തീർച്ചയായും, ജോലി ചെയ്യുന്നവരെ ഉൾപ്പെടുത്തിയതല്ല, എന്നാൽ ഓരോ ദിവസവും അഗോറയിൽ തടിച്ചു കൂടുന്നവരെയാണ്. [14]"സത്യമെന്ന് കരുതുന്ന ശാസ്ത്രമാണ്" തത്വശാസ്ത്രമെന്ന് അരിസ്റ്റോട്ടിൽ പറഞ്ഞു. [15]അവർ സെനോനിയൻസ് എന്നു വിളിക്കപ്പെടുവാൻ ആഗ്രഹിച്ചില്ല എന്നാണ് ഞാൻ ഊഹിക്കുന്നത്. [16]നിങ്ങൾ എന്നെപ്പോലെയാണെങ്കിൽ "പോർച്ച്" എന്നു പറയുമ്പോൾ വൻമാളികയാണ് എന്നു തോന്നും. ഈ "പോർച്ചുകൾ" വിപുലമായ ഘടനകളോടു കൂടിയതാണ്. മൂടപ്പെട്ട തൂൺ നിര, ഒരു വശം തുറന്നിരിക്കും. മൂലഭാഷ യിൽ ഉപയോഗിച്ച *സ്റ്റോവ* സൂചിപ്പിക്കുന്നതു "ശലോമോന്റെ ഗോപുരമാണ് [KJV - പോർച്ച്; NIV - തൂൺനിര]." [17]*ലീഗോ* എന്നതിന് എല്ലായ്പ്പോഴും "പെറുക്കുക" എന്നർത്ഥമില്ല, പക്ഷെ ഈ സന്ദർഭത്തിൽ അതാണർത്ഥം. [18]ഈ വ്യക്തികൾ അന്നു സാധാരണ കാണാമായിരുന്നു. അങ്ങനെയുള്ളവർ ഇന്നും ഉണ്ട്. [19]ഗ്രീക്കിൽ, "യേശു" പുല്ലിംഗവും, *അനസ്താസിസ്* സ്ത്രീലിംഗവുമാണ്. വിഗ്രഹാരാധികൾ അവരുടെ ദേവന്മാരോടൊപ്പം ദേവതമാരെയും ഉൾപ്പെടുത്തുന്നതുകൊണ്ട് പൗലൊസ് അവന്റെ ദൈവത്തെക്കുറിച്ചാണ് സംസാരിക്കുന്നതെന്ന് അവർ ധരിച്ചു. [20]അവരുടെ മനസിൽ, ഈ ഭൂതങ്ങൾക്കു ചില ശക്തിയുണ്ട്, എന്നാൽ "അമർത്യർക്കുള്ള" ശക്തിയില്ല താനും (ദേവന്മാരും ദേവതമാരും).

[21]"ഹെയറി ഒക്ടോപ്പസ്" എന്ന വാക്ക് ഉച്ചരിച്ച്, പ്രസംഗിക്കുന്ന ഒരു വിദ്യാർത്ഥി അറിയപ്പെടാതിരിക്കുന്നു. [22]ഗ്രീക്ക് പുരാണങ്ങളിൽ, പൊസെയിഡോൻ കടൽ ദേവനാണ് (റോമാക്കാരുടെ ദേവനായ നെപ്ട്യൂൺ). [23]ഒരിക്കൽ, അരയോപക കുന്നിൽ ഒരു ക്ഷേത്രമുണ്ടായിരുന്നു. [24]എനിക്കറിയാൻ കഴിഞ്ഞത് ഗ്രീക്കുകാരുടെ കോടതി ഇന്നും അരയോപകക്കുന്നിൽ കൂടി വരുന്നുണ്ട് എന്നാണ്. [25]"അരയോപകമദ്ധ്യേ നിന്നുകൊണ്ട്" എന്ന

പ്രയോഗം ചിലർ വിചാരിക്കുന്നത് കുന്നല്ല, കോടതിയായിരുന്നു എന്നാണ് (വാക്യം 22) പക്ഷേ ഞാൻ വിചാരിക്കുന്നതു, പൗലൊസ് കുന്നിന്റെ മുകളിൽ മദ്ധ്യഭാഗത്തു നിന്നിരിക്കാമെന്നാണ്. [26]പൗലൊസ് അരയോപക കുന്നിൽ ആയിരുന്നു എങ്കിൽ, സോക്രട്ടീസ് ശ്രമിക്കയും അതേ സ്ഥലത്ത് പോയതു സ്വീകാര്യമതത്തെ തലതിരിക്കുന്നവനായിട്ടായിരുന്നു. [27]അഗോറയിലെ കുഴപ്പത്തിൽ നിന്നു മാറ്റി നിർത്തുവാനായിരിക്കാം പൗലൊസിനെ അവിടേക്കു കൊണ്ടു പോയതെന്നു ഞാൻ വ്യക്തിപരമായി വിചാരിക്കുന്നു. [28]അഥേനയിലുള്ളവർ, മൊത്തത്തിൽ, പൗലൊസിന്റെ പ്രസംഗം ഇഷ്ടപ്പെട്ടില്ല എന്നു കാണാം, എന്നാൽ അവരുടെ സന്തതി അതിന്റെ ഓർമ്മക്കായി ഒരു വെൺകൽ പ്രതിമ ഒരുക്കിയിരിക്കുന്നു. [29]ദ കെ.ജെ.വി, ലാറ്റിൻ വൾഗേറ്റിൽ, "മാർസ് ഹിൽ" എന്നാണിവിടെ. അനേക ക്രിസ്ത്യാനികൾക്ക്, പൗലൊസിന്റെ പ്രവൃത്തികൾ 17 ലെ പ്രസംഗം എപ്പോഴും "പൗലൊസിന്റെ അരയോപകകുന്ന് പ്രസംഗം" ആണ്. [30]"അവശേഷിക്കുന്നത്" എന്നത് സാധാരണ ആഹാരശേഷം ശേഷിക്കുന്ന ഭക്ഷണത്തെയാണ് അമേരിക്കയിൽ പറയുന്നത്. എല്ലുകളാണ് "അവശേഷിക്കുന്നതെങ്കിൽ" ചിലപ്പോൾ വീട്ടിലെ പട്ടിക്ക് എറിഞ്ഞുകൊടുക്കും. നമ്മുടെ ജീവിതത്തിലെ അവശേഷിക്കുന്നത്, എറിഞ്ഞുകൊടുക്കുന്ന പട്ടിയെപ്പോലെ നാം ദൈവത്തെ കാണുന്നു.